ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിലെ കൂപ്പണ എന്ന സ്ഥലത്ത് ഒരു മദ്യദുരന്തമുണ്ടായിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ ഏഴു പേർ മരണപ്പെടുകയുണ്ടായി.

വ്യാജമദ്യം തടയാൻ നടപടി

107 [2827] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യത്തിന്റെ വിലവർദ്ധന കാരണം വ്യാജമദ്യ വിൽപന വ്യാപകമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യാജമദ്യം തടയാൻ സർക്കാർ മേൽനോട്ടത്തിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില കൂടിയതുകൊണ്ട് വ്യാജമദ്യ വിൽപന കൂടി എന്ന് പറയാൻ കഴിയില്ല. എന്നാൽ വ്യാജമദ്യ വിൽപനകേന്ദ്രങ്ങളിലും സംശയിക്കപ്പെടുന്ന മറ്റു സ്ഥലങ്ങളിലും തുടർച്ചയായ റെയ്ഡുകളും പട്രോളിങ്ങും നടത്തിവരുന്നു. ഉത്സവ കാലങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നു. കൂടാതെ സംസ്ഥാനാതിർത്തികൾ വഴി വ്യാജമദ്യം വരുന്നത് തടയുന്നതിലേക്കായി ബോർഡർ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിയുള്ള ജനകീയ കമ്മിറ്റികൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തൊണ്ടി സാധനങ്ങൾ

108 [2828] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിൽ പിടിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തൊണ്ടി സാധനങ്ങളുടെ മതിപ്പുവില സർക്കാർ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly